ചന്ദ്രിക

1954 ജൂലായി 11-ംനു ഞായറാഴ്ച

പരേതനായ ആറാക്കോയത്തങ്ങൾ

ഖാൻബഹദൂർ പി എം. ആറാക്കോയത്തങ്ങളുടെ നിര്യാണവാർത്ത അഗാധമായ വ്യസനത്തോടുകൂടിയാണ് ഞങ്ങൾ ശ്രവിച്ചത്. ഒരു പന്ത്രണ്ടുദിവസത്തിലേറെക്കാലമായി അദ്ദേഹം രോഗബാധിതനായി കിടപ്പിലായിരുന്നുവെങ്കിലും ആസംഭവ്യമായ ജീവിതം അത്രവേഗം അവസാനിക്കുമെന്ന പ്രതീക്ഷിക്കുവാൻ രോഗം മുച്ചൂതായിരുന്നില്ല.

മലബാറിലെ മുസ്ലീംകളുടെ കൽപൂറാണികമായ രാഷ്ട്രീയവും സാമൂഹ്യവും വിദ്യാഭ്യാസപരവുമായ എല്ലാ പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട മരണമാണദ്ദേഹം. മുനിസിപ്പൽ കൗൺസിൽ തിരുത്തെടുപ്പ് ബോർഡ്, ഡിസ്ട്രിക്ട് ബോർഡ്, മദ്രാശിനിയമസഭ മുതലായ സ്ഥാപനങ്ങളുമായി സമുദായത്തിനും രാജ്യത്തിനും അദ്ദേഹം ചെയ്ത സേവനങ്ങൾ അവിസ്മരണീയങ്ങളാണ്. ലൗകികവിദ്യാഭ്യാസത്തിൽ വളരെ പിന്നാക്കമായിരുന്ന മലബാർ മുസ്ലീംകളെ വിദ്യാഭ്യാസത്തിലൂടെ രാജനീതിയിൽ അദ്ദേഹം വഹിച്ച പങ്ക് പ്രത്യേകപ്രശംസ അർഹിക്കുന്നതാണ്. സമുന്നതമായ ഒരു സയ്യിദ്കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന്റെ ഈ സേവനം എന്നാട്ടിലെയും മറ്റും മുസ്ലീം കാരണവന്മാരുടെ ഔദാര്യത്തിലുണ്ടായിത്തീർന്ന ഒരുമ്പെടലും ഇല്ലാതാക്കുവാൻ വളരെ ഉപകരിച്ചു. ഫാറൂഖ് കോളേജിന്റെ മാനേജിങ്ങ് സമിതിയുടെ വൈസ് പ്രസിഡണ്ടായിരുന്ന അദ്ദേഹം കോളേജിന്റെ അഭിവൃദ്ധിയിൽ കരുതുമായ താല്പര്യം കാണിച്ചിരുന്നു. രോഗഗ്രസ്തനായി തീരെ കിടപ്പിലായിരുന്നിട്ടും അദ്ദേഹം കോളേജിലെ മുഖ്യ ആഘോഷങ്ങളിലും മറ്റും പങ്കെടുക്കുന്നതിൽ തല്പരനായിരുന്നു. അതിനും കാണിച്ചിട്ടില്ല. മി. തങ്ങളുടെ പുതിയ മാളിയക്കൽ ഹൗസിലായിരുന്നു കോളേജ് മാനേജിങ്ങ് കമ്മിറ്റി പലപ്പോഴും യോഗം ചേരാറുണ്ടായിരുന്നത്. തങ്ങളുടെ മരണം ഫാറൂഖ് കോളേജിനു നികത്തരുതാകാത്ത ഒരു നഷ്ടമാണ്.

കോഴിക്കോട്ട് മുസ്ലീംലീഗിന്റെ സ്ഥാപനത്തിലും ആദ്യകാലത്തെ പ്രവർത്തനങ്ങളിലും ആറാക്കോയത്തങ്ങൾക്കുള്ള പങ്ക് എടുത്തുപറയത്തക്കതാണെങ്കിലും മുസ്ലിംലീഗുമായി അദ്ദേഹത്തിനു അഭിപ്രായവ്യത്യാസമുണ്ടായിരുന്നുവെങ്കിലും 1937ലെ നിയമസഭാ മുസ്ലീംലീഗ് പാർട്ടിയിലെ കരുംഗനെന്ന നിലയിലും, 1940ൽ പേൻ മുതൽ മലബാർ ജില്ലാ മുസ്ലീംലീഗ് സമ്മേളനത്തിന്റെ ഒരു സ്വീകരണസംഘാടകനെന്ന നിലയിലും അദ്ദേഹം ചെയ്ത സേവനങ്ങൾ വിസ്മരിക്കാവതല്ല.

മലബാർ മുസ്ലീംകളുടെ വന്ദ്യനേതാവായ സെയ്യിദ്മുഹമ്മദ് ഇമ്പിച്ചിക്കോയതങ്ങളുടെ സഹോദരീ ഭർത്താവാണ് പരേതൻ. പരേതന്റെ പരമത്തിൽ ഏകയവശിഷ്ടനായിരിക്കുന്ന പുത്രനായ സയ്യിദ് കുഞ്ഞിക്കോയതങ്ങൾ, കുടുംബാംഗങ്ങൾ തുടങ്ങിയ അനുശോചനം രേഖപ്പെടുത്തുകയും പരേതന്റെ മഗ്ഫിറത്തിന്നായി അല്ലാഹുവോട് പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

മുക്കം 48 സീറ്റുകൾ

കോഴിക്കോട്, ജൂലായി 10 - മലബാർ ഡിസ്ട്രിക്ട് ബോർഡ് തിരഞ്ഞെടുപ്പ് 1954 നവംബർ 1-ംനു-ക്കുമുമ്പ് നടത്തണമെന്നും, 1954 സപ്തംബർ 1-ംനു ബോഡ് ഭരണം പുതിയ ബോഡിനെ ഏല്പിച്ചുകൊടുക്കണമെന്നും മദ്രാശി ഗവർമെണ്ട് കല്പിച്ചിരിക്കുന്നതിനാൽ തിരഞ്ഞെടുപ്പ് തീയ്യതി ക്രിസ്മസായി ഗവർമ്മെണ്ട് പ്രഖ്യാപിച്ചിട്ടില്ല.

മലബാർ ഡിസ്ട്രിക്ട് ബോർഡ് തിരഞ്ഞെടുപ്പിൽ ആകെ 48 സീറ്റുകളാണുള്ളത്. 43 പൊതു സീറ്റുകളും, ഹരിജനങ്ങൾക്കു 3ഉം സ്ത്രീകൾക്കു 2ഉം സംവരണസീറ്റുകളുമാണ്.

ചിറക്കൽ താലൂക്ക്

ചിറക്കൽ താലൂക്കിൽ മാടായിയിൽ ഒരു ഹരിജൻ സർപ്ലസ് സീറ്റ് അടക്കം 6 സീറ്റുകളുണ്ട്. പയ്യന്നൂർ, മാടായി (2 സീറ്റ്) കണ്ണൂർ, തളിപ്പറമ്പ്, ധർമ്മടം എന്നിവയാണ് നിയോജകമണ്ഡലങ്ങളിൽ 6 സീറ്റുകളുണ്ട്.

കോട്ടയം താലൂക്ക്

കോട്ടയം താലൂക്കിൽ തലശ്ശേരിയിൽ ഒരു സ്ത്രീ സർപ്ലസ് സീറ്റടക്കം 4 സീറ്റുകളുണ്ട്. തലശ്ശേരി, കുത്തുപറമ്പ്, മട്ടന്നൂർ എന്നിവയാണ് നിയോജകമണ്ഡലങ്ങൾ.

കൊന്നാട് താലൂക്ക്

കൊന്നാട് താലൂക്കിൽ 5 സീറ്റുകളുണ്ട് വടകര, നാദാപുരം, കൊയിലാണ്ടി, ഇല്ലശ്ശേരി, പേരാമ്പ്ര എന്നിവയാണ് നിയോജകമണ്ഡലങ്ങൾ. ഈ താലൂക്കിൽ സർപ്ലസ് സീറ്റില്ല.

കോഴിക്കോട് താലൂക്ക്

കോഴിക്കോട് താലൂക്കിൽ നാല് സീറ്റുകളാണുള്ളത്. കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത്, കുന്നമംഗലം, കൊടുവള്ളി എന്നിവയാണ് നിയോജകമണ്ഡലങ്ങൾ.

സ്പോർട്ടിംഗ്

പാക്-ഇന്ത്യ ഷീൽഡ് മാച്ച്

ഡ്രോആയി അവസാനിച്ചു

ഡെൽഹി, ജൂലായി 9- നും ഡെൽഹിയും, തമ്മിലുള്ള ക്രിക്കറ്റ് മാച്ച് ഡ്രോ ആയി അവസാനിച്ചു. സ്കോർ: പാക്കിസ്ഥാൻ ഫസ്റ്റ് ഇന്നിംഗ്സിൽ 121 റൺസ് (ഡിക്ലയർ ചെയ്തു) ഡെൽഹിയർ ഫസ്റ്റ് ഇന്നിംഗ്സിൽ 191 റൺസും.

സതേൺ കമാണ്ട് വിജയം

മദിരാശി, ജൂലായി 9- ഇന്ത്യൻ ടൈപ്പ് ആരംഭിച്ച അഖിലേന്ത്യാ സർവ്വീസസ് ഏട്ടാമത് ഷീൽഡ് സതേൺ കമാണ്ട് വിജയിച്ചു. ചാമ്പ്യൻസായ കമാണ്ടിനെ ഏകപക്ഷീയമായ ഗോളിന് തോല്പിച്ചിരിക്കുന്നു. കടുത്ത മത്സരം നടന്ന കളിയുടെ ഫസ്റ്റ് ഹാഫിൽ ഇരുടീമുകളും സ്കോർ ചെയ്തില്ല. സെക്കന്റ് ഹാഫിൽ സതേൺ കമാണ്ടിന്റെ സ്വാമിക്കണ്ണുപിള്ളയാണ് ഗോൾ ചെയ്തത്.

ലീഡ്മത്സരസമ്പ്രദായത്തിലുള്ള ഈ ടൂർണ്ണമെന്റിൽ അഞ്ചു ടീമുകൾക്കു പങ്കെടുക്കുവാനുണ്ട്. വെസ്റ്റേൺ കമാണ്ട്, സതേൺ കമാണ്ട്, ഇന്ത്യൻ എയർഫോഴ്സ്, നേവി എന്നിവയാണ് ടീമുകൾ. ഓരോ ടീമുകളും തമ്മിൽ ഓരോ കളിവീതം കളിക്കുന്നതിനുശേഷം ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ടീമിനായിരിക്കും ഷീൽഡ് ലഭിക്കുക. ഫൈനൽ മത്സരം ജൂലായ് 18-ംനു നടക്കുന്നതാണ്.

കളി ആരംഭിക്കുന്നതിനുമുമ്പ് ഈ ടൂർണ്ണമെന്റിന്റെ ഓണററി പ്രസിഡണ്ടായ മദിരാശി ഗവർണ്ണർ ശ്രീപ്രകാശയെ അദ്ദേഹത്തിന്റെ കളിക്കാർക്കു പരിചയപ്പെടുത്തിക്കൊടുക്കുകയുണ്ടായി.

സ്പോർട്സ് ക്ലബ്ബ് സ്ഥാപിക്കണമെന്ന്

അമ്പാല, ജൂലായ് 9 സ്റ്റേഷനിലുള്ള കായികപ്രേമികളുടെയും സ്പോർട്സ് സംഘടിപ്പിക്കുവാൻ പ്രധാനമായും പഞ്ചായത്തുയൂണിയനുകളുടെയും അകമ്മാരെ ഉൽബോധിപ്പിച്ചുകൊണ്ട് ദേശീയ സ്പോർട്സ്താരകൻ ധ്യാൻചന്ദും സാംസ്കാരികവുമായ വളർത്തിക്കൊണ്ടുവരുവാൻ ഒരു ശ്രമമുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

മദിരാശി ഇലവൻ ഏ എഫിനെ തോ

മദിരാശി, ജൂലായി 9 വൈകുന്നേരം രാജേന്ദ്രസിംഗ് ഡിയത്തിൽവെച്ചു നടന്ന ഇന്റർ മാച്ചിൽ മദിരാശി ഇലവൻ ഏ. എ എഫിനെ ഏകപക്ഷീയ നാലുഗോളിന്നു തോല്പിച്ചു.

ഫുട്ബാൾ കപ്പ് ലീ

ബാംഗ്ലൂർ, ജൂലായി 8- ഫുട്ബോൾ ലീഗിൽ ഇന്നു പോലീസും ബാംഗ്ലൂർ ബ്ലൂസും നടന്ന കളി ഡ്രോ ആയി. ഇതോടുകൂടി സുബ്രതോ കപ്പിന്റെ അവസാനത്തെ മാച്ചും കഴിഞ്ഞു.

സന്തോഷ് ട്രോഫി

ബോംബെ ടീം

ബോംബെ, ജൂലായ് 9- സന്തോഷ് ട്രോഫി ഫുട്ബാൾ മത്സരത്തിനുള്ള ബോംബെ ടീമിന്റെ കൂടെ സഞ്ജീവ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ടീമിലെ കളിക്കാർ താഴെ [illegible]

CENTRE FOR HADHRAMI & DIASPORA STUDIES

Mappila Heritage Library